ഹയർ സെക്കന്ററി
വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ
തിരുവനന്തപുരം - 1

നം.EX-II (1)/7834/HSE/2014 തീയതി : 16/10/2014

# സർക്കുലർ

വിഷയം: ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി പരീക്ഷ, ആഗസ്റ്റ് 2014 - ഫലം പ്രസിദ്ധീകരിച്ചത് - സംബന്ധിച്ച്.

2014 ആഗസ്റ്റിൽ നടന്ന ഒന്നാംവർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം www.dhsekerala.gov.in, www.keralaresults.nic.in, www.prd.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മപരിശോധനയ്ക്കും ഫോട്ടോ കോപ്പി ലഭിക്കുന്നതിനും നിശ്ചിതഫോറങ്ങളിൽ അപേക്ഷകൾ ഫീസ് സഹിതം മാർച്ചിലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പലിന് ഒക്ടോബർ - 31 നകം സമർപ്പിക്കേണ്ടതാണ്.

ഫീസ് വിവരം :

| | | |
|---|---|---|
| പുനർമൂല്യനിർണ്ണയം | - | പേപ്പറൊന്നിന് 500 രൂപ |
| സൂക്ഷ്മപരിശോധന | - | പേപ്പറൊന്നിന് 100 രൂപ |
| ഉത്തരക്കടലാസ്സിന്റെ ഫോട്ടോ കോപ്പി | - | പേപ്പറൊന്നിന് 300 രൂപ |

അപേക്ഷാഫോറങ്ങൾ സ്കൂളുകളിലും ഹയർസെക്കന്ററി പോർട്ടലിലും ലഭ്യമാണ്. അപേക്ഷകൾ യാതൊരു കാരണവശാലും ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. പ്രിൻസിപ്പൽമാർ സ്കൂളുകളിൽ ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകൾ പരീക്ഷാസെക്രട്ടറി ലഭ്യമാക്കുന്ന സോഫ്ട്വെയർ ഉപയോഗിച്ച് 05/11/2014 - നകം അപ്ലോഡ് ചെയ്യേണ്ടതാണ്.

ഒപ്പ്/-
സെക്രട്ടറി
ബോർഡ് ഓഫ് ഹയർസെക്കന്ററി
എക്സാമിനേഷൻസ്. കേരളം